darsana

MARCH 2021

# THE EYE



# THE EYE

**MARCH 2021**

# മുഖക്കുറിപ്പ്

രാജ്യത്തെ ഊട്ടിക്കൊണ്ടിരിക്കുന്ന കർഷകർ ഇന്ന് തെരുവിലാണ്. തിരിച്ചു ഗ്രാമങ്ങളിലേക്ക് വരുമെന്ന് ഉറപ്പില്ലാതെ, ജീവനൾപ്പടെ സർവ്വസ്വവും കെട്ടിപ്പൂട്ടി ഡൽഹി റോഡുകളിലേക്ക് കടന്നു വന്ന കർഷകർക്കുമുമ്പിൽ ഭരണകൂടം അന്തംവിട്ടു നിൽക്കുകയാണ്. വിശാലമാനങ്ങൾ ഉള്ള, ലോകത്തെ തന്നെ ഏറ്റവും കൂടുതൽ ആളുകൾ തെരുവിൽ സമരത്തിൽ ഏർപ്പെട്ട ചരിത്ര സംഭവമാണിത്. ലോകം മുഴുവൻ അനുതാപപൂർവം അവരെ നോക്കിക്കാണുമ്പോൾ, തീവ്രവാദികളെന്നും, ഖാലിസ്ഥാനി ഭീകരർ എന്നും, ഗൂഢാലോചനാ സംഘങ്ങളെന്നും വിളിച്ച് അടിച്ചമർത്താൻ ശ്രമിക്കുന്നവർ, ഇന്ത്യയിലെ ബഹുഭൂരിപക്ഷം വരുന്ന കർഷക സമൂഹത്തിന്റെ ആത്മാഭിമാനത്തെ വെല്ലുവിളിക്കുകയാണ്.

ഈ ഭരണ കാലയളവിൽ എങ്ങനെ ഈ സർക്കാരിന്റെ നയങ്ങൾ വൻ കുത്തകകളെ സഹായിച്ചു കൊണ്ട്, നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളെ ഇടിച്ചു നിരത്തിയെന്നു മനസിലാക്കിയ കർഷകർ, സഹായിക്കാൻ എന്ന വ്യാജേന കൊണ്ടു വന്ന നയങ്ങൾ ഇടിച്ചു നിരത്താൻ ട്രാക്റ്ററുകളുമായി നിരത്തിൽ പൊരുതുന്നത് നമുക്ക് കൂടി വേണ്ടിയാണ് എന്ന് ബഹുജനങ്ങൾ മറന്നു കൂടാ!!! കർഷകർക്ക് താങ്ങായി വന്ന മാധ്യമ പ്രവർത്തകരേയും, സാമൂഹികപ്രവർത്തകരേയും മറ്റും ഒറ്റക്കൊറ്റക്ക് ഒതുക്കാൻ ശ്രമിക്കുന്ന ഡൽഹി പോലീസിന്റെ അതിക്രമം, കേവലം ഇരുപത്തി





രണ്ടു വയസുള്ള ഒരു പെൺകുട്ടിയിൽ എത്തിനിൽക്കുന്നു. ജനങ്ങളുടെ ഇച്ഛാശക്തിയെ ഇതുകൊണ്ടൊന്നും മറികടക്കാനാവില്ല എന്നു മനസ്സിലാക്കുന്നത് നന്ന്.

ദർശനയെ സംബന്ധിച്ച് നമ്മുടെ പ്രവർത്തന പങ്കാളികളായിരുന്ന പ്രധാനപ്പെട്ട ചിലരുടെ വേർപാടിന്റെ കൂടി കാലമായിരുന്നു കഴിഞ്ഞുപോയത്. നവംബർ മാസത്തിലാണ് മാനസമോഹനന്റെ നിര്യാണം ഉണ്ടായത്. മാനസമോഹനൻ 1995-99 കാലത്ത് പാലക്കാട് എൻ. എസ്. എസ്. എഞ്ചിനീയറിങ് കോളേജിൽ മെക്കാനിക്കൽ എഞ്ചിനീയറിങ് വിദ്യാത്ഥിയായിരുന്നു. എസ് എഫ് ഐ യൂണിറ്റ് സെക്രട്ടറിയായിരുന്നു മാനസൻ.

സഖാവിന്റെ ജ്വലിക്കുന്ന ഓർമകൾക്കു മുമ്പിൽ പ്രണാമം. സഖാവിനെ അനുസ്മരിച്ചു കൊണ്ട് അടുത്ത സുഹൃത്തുക്കൾ എഴുതിയ ഓർമ്മക്കുറിപ്പുകളും കലാലയ ചിത്രങ്ങളും ഈ ലക്കത്തോടൊപ്പം സമർപ്പിച്ചു കൊണ്ട് ആ സ്മരണയ്ക്കു മുമ്പിൽ ഞങ്ങൾ ആദരം അർപ്പിക്കുന്നു. അതോടൊപ്പം ഏറെ പ്രസക്തമായ മറ്റു സൃഷ്ടികളും ഈ ലക്കത്തിന്റെ ഭാഗമാണ്. സ്വീകരിക്കുക.

അഭിവാദ്യങ്ങൾ!

**പത്രാധിപസമിതി**

THE EYE

MARCH 2021

# INDEX

## ലേഖനങ്ങൾ


Open knowledge and Collective Experience for Social Action — 32
*Prabir Purkayastha*

തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ ഇടതുമുന്നണി വിജയം — 51
*വിൽസൺ ജോർജ്*


## മാനസമോഹനൻ സ്മരണ


നിലപാടുകളുടെ ജീവിതം — 5
*അർജിത് ജി*

നീ മാത്രം ഇല്ല — 8
*രാജേഷ് എസ് ആനന്ദ്*

കൂടെയുണ്ടാവും ഞങ്ങൾ — 14
*രൂപേഷ് സി*


## കവിത


കുതിരലായത്തിലെ കളിക്കുട്ടി — 17
*ഇന്ദു മേനോൻ*

കാറ്റിന് എത്ര സാദ്ധ്യതകൾ — 22
*ജയശീലൻ എം എ*

My quarantine days — 23
*Daya Fathima*

പെയ്യാതെ പോയ മഴ — 24
*നിർമ്മൽകുമാർ കൈപ്പാറ*

Bird born in a cage — 31
*Neha Rakesh Pillai*

My Passion — 44
*Jayalatha*


## കായികം


A Tribute to Diego Maradona — 26
*T P Rajeev*


## യാത്ര


Visit Meghalaya immediately.. or else.... — 46
*Dinesh R*


### മുഖചിത്രത്തെപ്പറ്റി

**Hum dekhenge**
*Faiz Ahmed Faiz*

Lazim hai ke hum bhi dekhenge
Wo din ke jis ka wada hai
Jo lauh-e-azl mein likha hai

Jab zulm-o-sitam ke koh-e-garan
Rooi ki tarah ur jaenge
Hum mehkoomon ke paaon tale
Ye dharti dhar dhar dharkegi
Aur ahl-e-hakam ke sar oopar
Jab bijli kar kar karkegi

Jab arz-e-Khuda ke kaabe se
Sab but uthwae jaenge
Hum ahl-e-safa mardood-e-harm
Masnad pe bethae jaenge
Sab taaj uchale jaenge
Sab takht girae jaenge

Bas naam rahega Allah ka
Jo ghayab bhi hai hazir bhi
Jo manzar bhi hai nazir bhi
Utthega an-al-haq ka nara
Jo mai bhi hoon tum bhi ho
Aur raaj karegi Khalq-e-Khuda
Jo mai bhi hoon aur tum bhi ho
Hum dekhenge, Lazim hai ke
hum bhee dekhengey





## മാനസമോഹനൻ സ്മരണ

*അകാലത്തിൽ നമ്മളെ വിട്ടുപോയ പ്രിയസഖാവ് മാനസമോഹനെ (1995-99 മെക്കാനിക്കൽ ) അടുത്ത സുഹൃത്തുക്കൾ അനുസ്മരിക്കുന്നു..*

# നിലപാടുകളുടെ ജീവിതം

***അർജിത്ത്. ജി. 1995-99 മെക്കാനിക്കൽ***

ആദ്യത്തെയും രണ്ടാമത്തെയും പരിഗണന രാഷ്ട്രീയവീക്ഷണത്തിന് മാത്രം ആയതു കൊണ്ടാകണം, വൈകാരിക പ്രക്ഷുബ്ധതകളെ അകലെ നിറുത്തി, തികച്ചും അചഞ്ചലനായി ക്യാമ്പസ് കാലം ജീവിച്ചു തീർക്കാൻ മാനസന് ആയത്.

കോളേജാനന്തരകാലവും മാനസന് വ്യത്യസ്തമായിരുന്നില്ല.

രാഷ്ട്രീയ ബന്ധങ്ങൾക്കപ്പുറം പലരും ജീവിതത്തിന്റെ ഒഴുക്കിലേക്കു പതിയെ കാലിടറി വീണപ്പോളും ഒരു ചെറുപുഞ്ചിരിയോടെ മാനസൻ തന്റെ പതിവ് യാത്ര തുടർന്നു. നഗരങ്ങൾ താണ്ടി അവസരങ്ങൾ തേടിയുള്ള യാത്രയ്ക്കൊടുവിൽ പലരും പലതും വെട്ടിപ്പിടിക്കുന്നതും, രാഷ്ട്രീയനിലപാടുകളിൽ വെള്ളം ചേർക്കുന്നതും കണ്ടപ്പോളും മാനസൻ തന്റെ പാതയിൽ നിന്ന് വ്യതിചലിച്ചില്ല. കോളേജ് കാലത്ത് കൃത്യതയും മൂർച്ചയുമുള്ള രാഷ്ട്രീയനിലപാടുകൾക്കൊപ്പം നിന്നതും, വ്യക്തിജീവിതത്തിൽ അസാധാരണ ലാളിത്യം പുലർത്തിയതും, ഒരുപക്ഷെ മാനസൻ എന്ന വ്യക്തിയുടെ പിൽക്കാല രൂപീകരണത്തിൽ ഏറെ സ്വാധീനം ചെലുത്തിയിരുന്നിരിക്കാം. അതിനാലാവണം, മാറുന്ന ലോകത്തിനൊപ്പം പറക്കാൻ ശ്രമിക്കാതെ, തന്റെ കുടുംബത്തെ ചേർത്തു പിടിച്ച് കാക്കനാട്ടെ തന്റെ കൊച്ചു ഫ്ലാറ്റിലേക്ക് ഒതുങ്ങാൻ മാനസനു കഴിഞ്ഞത് എന്ന് കരുതാം.



'ഭൗതിക നേട്ടങ്ങൾ' എന്ന ആഗോളവിശപ്പിനു മുൻപിൽ പതറാത്തവർ വിരളമായിരിക്കെ, പ്രായോഗികതയും യാഥാർഥ്യബോധവും ഉൾക്കൊണ്ടുകൊണ്ട് മാനസൻ നടത്തിയ ചെറുത്തുനിൽപ്പിന് രാഷ്ട്രീയമായ മാനങ്ങൾ പലതുണ്ട്.

മാനസൻ വിടവാങ്ങിയിട്ടു മാസങ്ങൾ കഴിഞ്ഞിരിക്കുന്നു.

എങ്കിലും മാനസന്റെ ഓർമ്മകൾ മരണമില്ലാത്ത ജീവിക്കുകയാണ് .

മാനസൻ നമുക്കിടയിലെവിടെയോ ഇപ്പോഴുമുണ്ടെന്നു വെറുതെ തോന്നുന്നു...

മാനസന്റെ ചിരിമുഴക്കങ്ങൾക്കായി കാതോർക്കുന്നുണ്ട് ചിലരെങ്കിലും...

കോളേജ് കാലത്തേക്ക് പതിവായി ഊളിയിടുകയാണ് മറ്റു ചിലർ...

രാഷ്ട്രീയമായിരുന്നു മാനസന് എല്ലാം...

മാനസൻ പാലക്കാട്ടു പഠിക്കാനെത്തിയ കാലം രാഷ്ട്രീയമായും ചരിത്രപരമായും ഒരു തലമുറമാറ്റത്തിന്റെ കാലഘട്ടമായിരുന്നു.

ആഗോള ഉദാരവൽക്കരണ പ്രക്രിയകൾ സമൂഹത്തിന്റെ സമസ്തമേഖലകളിലും അതിന്റെ സാന്നിധ്യം അറിയിച്ചു തുടങ്ങിയ കാലം. കമ്പ്യൂട്ടർ മേഖലയാകെ ഒരു വലിയ

# മാനസമോഹനൻ സ്മരണ

സ്വപ്നഭ്രമികയായി അന്നത്തെ ചെറുപ്പക്കാർക്കിടയിൽ ഇടം പിടിച്ച കാലം. പോസ്റ്റ്-ബാബ്റി കാലത്തെ ജാതി-മത ധ്രുവീകരണ ചിന്തകൾ സകല മനുഷ്യരെയും സ്വാധീനിച്ചു തുടങ്ങിയിരുന്ന കാലം.

വ്യക്തിപരമായ തിരഞ്ഞെടുപ്പുകളാണ് മനുഷ്യരെ ആത്യന്തികമായി പിൽക്കാലത്ത് അടയാളപ്പെടുത്താറ് എന്നതൊരു വസ്തുതയാണ്.

ആൾക്കൂട്ട ആരവങ്ങൾക്കിടയിലും ഉറച്ച നിലപാടുകളുമായി മുന്നേറുന്നവർ പിൽക്കാലത്ത് ഇലകൊഴിഞ്ഞ ശിഖരങ്ങളുമായി വസന്തത്തെ  വരവേൽക്കുന്നതും നാം കാണാറുണ്ട്. മാനസൻ സമരമുഖങ്ങളിലെ നിറസാന്നിധ്യമായിരിക്കുമ്പോൾ തന്നെ വ്യക്തിജീവിതത്തിന്റെ ചതുരക്കണക്കിൽ  സാമ്പ്രദായികശൈലികളേയും അങ്ങേയറ്റം പ്രണയിച്ചവനായിരുന്നു.  പ്രണയവും പ്രതികാരവുമെല്ലാം പൂക്കുന്ന കോളേജ് കാലം പക്ഷെ മാനസനെ ഒരു ഘട്ടത്തിലും വൈകാരിക പ്രതിസന്ധിയിലേക്ക് നയിച്ചതായി ഓർക്കുന്നില്ല.

ആഘോഷിക്കപ്പെടാത്ത മനുഷ്യരുടെ  ആരും പറയാത്ത, ആരും കേൾക്കാത്ത കഥകൾ പലപ്പോഴും തീക്ഷ്ണവും  തീവ്രവുമാവാറുണ്ട്. മാനസനെ കുറിച്ചുള്ള ഓർമകൾക്കുമുണ്ട് അത്രതന്നെ ആഴവും പരപ്പും.

പക്ഷെ ഒന്നുണ്ട്...

'നിലപാടുകളുടെ മേൽക്കൂരയ്ക്ക് കീഴെയാവണം  ജീവിതം' എന്ന ഒറ്റ വരി പറഞ്ഞു തന്നു മണ്ണിലേക്ക് മടങ്ങിയ ഞങ്ങളുടെ കൂട്ടുകാരൻ പകർന്നു നൽകിയത് ലോകത്തേറ്റവും വിലപ്പെട്ട പാഠമാണ് എന്ന് ഉറക്കെ വിളിച്ചുപറയുന്ന ഒരു പറ്റം മനുഷ്യർ ഇന്ന്  ഈ ലോകത്ത് അവശേഷിക്കുന്നു എന്ന സത്യം.





# നീ മാത്രം ഇല്ല

***രാജേഷ് എസ് ആനന്ദ്***
***മെക്കാനിക്കൽ 1999***

അചഞ്ചലമായ പ്രതിബദ്ധതയുടെ ആൾരൂപമായിരുന്നു മാനസമോഹനൻ. പക്ഷേ, ആദ്യം കാണുമ്പോൾ ഒരു നേതാവാണെന്നൊന്നും തോന്നുമായിരുന്നില്ല. മറ്റുള്ളവർ ക്രിക്ക റ്റൊക്കെ കളിക്കുന്നത് നോക്കി അനങ്ങാതെ ഇരിക്കുന്ന മാനസന്റെ അടുത്ത് കൂടി പോകുമ്പോൾ, ചുമ്മാതെ ആ ഗണപതിക്കവിളിൽ ഒരു കിഴുക്ക് കൊടുക്കുന്നത് എന്റെ ഒരു വിനോദമായിരുന്നു.

അപ്പോൾ അവൻ അലറി ചോദിക്കും: "നിനക്ക് ഭ്രാന്ത് വല്ലതുമുണ്ടോടാ?"

അത് മൂന്നാം സെമസ്റ്ററിൽ ആയിരുന്നു. അമ്പലജീവിയായ അരുണും, അമ്പലവാസി യെങ്കിലും അമ്പലത്തിന്റെ അടുത്തു കൂടെപ്പോലും പോകാത്ത രവിശങ്കറും, അമ്പല ത്തിൽ പോകുന്നവരെ കളിയാക്കുന്ന മാനസനും കൂടി ഒരു മുറിയിൽ. അയൽപക്കത്തു ഞാനും ഇഖ്ബാലും ശശിയും. പിന്നെ ജിബി, ജാസപ്പൻ, രാജേഷ്, സജിത് രാജ്, മാമാജി, സതീശൻ, ആൻസ്, ഷെബീർ, ഷമീർ, അശോകൻ, അജി, ഷൈലി, ജോർജ്ജ്, സെന്റി, ജോസഫ്, മനു, ടോപ്പേട്ടൻ, ശാന്തൻ, ഇടയ്ക്കിടയ്ക്ക് കൊങ്ങപ്പാടത്തു

നിന്നും ഇടിച്ചു കയറുന്ന ശെൽവൻ... അങ്ങനെയങ്ങനെ എല്ലാവരും ഉള്ള തേഡ് ഹോസ്റ്റൽ.

പരീക്ഷാക്കാലത്താണ് എല്ലാവരുടെയും സർഗാത്മകത ഉണരുക. ബ്ലൂസ്റ്റ് തീറ്റി, പാമ്പിനെ പിടുത്തം... പല ചുമതലകളുമായി ആയിട്ട് നടക്കുമെങ്കിലും, മാനസൻ പഠിപ്പ് ഉഴപ്പാറില്ല. പഠിക്കുന്നത് കട്ട അടുക്കി വെക്കുന്നത് പോലെ ആണ്, ബേസ് ഒക്കെ മനസ്സിലാക്കി പഴുതുകൾ അടച്ചുള്ള പഠനം.

ഞങ്ങൾ നാലം സെമസ്റ്ററിൽ ആയിരുന്നപ്പോൾ കോളേജിലെ എസ്. എഫ്. ഐ. സംഘടന തീരുമാനമെടുത്തു: കോളേജിൽ യൂനിയൻ തെരഞ്ഞെടുപ്പ് നടത്തുക എന്ന ആവശ്യമുന്നയിച്ച് പഠിപ്പു മുടക്കണം. സമരത്തോട് അനുബന്ധിച്ച് ക്ലാസുകളിൽ നാലാം സെമസ്റ്റർകാർ ആയ മാനസൻ, രവിശങ്കർ, ജിബി, ഈയുള്ളവൻ തുടങ്ങിയവർ വേണം സംസാരിക്കാൻ! പഠിപ്പു മുടക്കുക എന്നതിനോട് തന്നെ വിയോജിച്ച എനിക്ക്, അടുത്ത ദിവസത്തെ പ്രസംഗത്തെക്കുറിച്ചു ചിന്തിച്ചു ഉറക്കമില്ലാതെ ആയി! അവസാനം, ഞാൻ സംസാരിച്ചതെല്ലാം കുളമാവുകയും ചെയ്തു! ഒരു വിധത്തിൽ പൂർത്തിയാക്കി പുറത്തിറങ്ങി. അടുത്ത ക്ലാസ്സിൽ മാനസൻ ആയിരുന്നു സംസാരിച്ചത്. മാനസന്റെ point by point പ്രഭാഷണം വിദ്യാർത്ഥികളോട് എന്താണ് സംവദിക്കേണ്ടത് എന്നതിന്റെ നേർരേഖയായിരുന്നു.



വലിയ പോരാട്ടത്തിനൊടുവിൽ ഞങ്ങൾ ജയിച്ചു. സമരം വിജയിച്ചു. തെരഞ്ഞെടുപ്പ് നടത്താൻ തീരുമാനിച്ചു ..

പിന്നെ മാനസൻ എസ്. എഫ്. ഐ. യൂണിറ്റ് സെക്രട്ടറി ആയി.

കാത്തിരുന്നത് തിരക്കിന്റെ നാളുകളായിരുന്നു .. പൊതുവെ ശാന്തനായിരുന്ന അവൻ രോഷാകുലനാവുന്നത് എന്നും സംഘടനക്ക് വേണ്ടിയായിരുന്നു. വ്യക്തികളുടെ നിസ്സാരമായ പ്രശ്നങ്ങളെക്കാൾ സമൂഹത്തിന്റെയും സംഘടനയുടെയും പ്രശ്നങ്ങൾക്കു ഊന്നൽ നൽകുന്ന സ്വഭാവമായിരുന്നു മാനസന്റേത്. ചെറിയ വൈയക്തിക പ്രശ്നങ്ങളുമായി നടക്കുന്നവർക്ക്, ഒരു കോളിലും ഉലയാത്ത അവന്റെ പ്രവർത്തനവുമായി പലപ്പോഴും പൊരുത്തപ്പെടാനാവില്ലായിരുന്നു.

ആദ്യത്തെ പരീക്ഷണം 'Crescendo' എന്ന കൊല്ലം ടി. കെ. എം എഞ്ചിനീയറിങ് കോളേജിലെ ആർട്സ് ഫെസ്റ്റിവൽ ആയിരുന്നു. പങ്കെടുക്കാൻ ഒരു കൂട്ടം പെൺകുട്ടികൾ. അവരെ കൊണ്ടുപോകേണ്ടത് യൂണിയന്റെ ചുമതല! ഇത്രയധികം പെണ്ണുങ്ങളുടെ ഉത്തരവാദിത്തം ഏറ്റെടുക്കണമായിരുന്നെങ്കിൽ ഞാൻ ഇലക്ഷന് നിൽക്കില്ലായിരുന്നു. പറഞ്ഞിട്ടെന്താ കാര്യം? ഞാനും പോകണമെന്ന് അവന്റെ ശാസനം! ഏതായാലും വലിയ കഷ്ടപ്പാടായിരുന്നു...

ആദ്യമായി ഞങ്ങൾ നടത്തിയ പരിപാടി, യൂണിയൻ ഉദ്ഘാടനം ആയിരുന്നു. മറ്റുള്ളവർക്കു പരിപാടികൾ അവതരിപ്പിക്കാൻ, ഞങ്ങൾ സംഘാടകർ ആയി. കലാതിലകങ്ങളുടെ പങ്കാളിത്തം ഉറപ്പു വരുത്താൻ, ഞങ്ങൾ അവരുടെ വീടുകളിൽ പോയി കെഞ്ചി.



# മാനസമോഹനൻ സ്മരണ

പിന്നെ പരിപാടികളുടെ ഘോഷയാത്രയായിരുന്നു -സുരഭി , 'Sparknite', എ-സോൺ... ഓരോ പരിപാടിയും കഴിഞ്ഞു ഒന്നു വിശ്രമിക്കുമ്പോൾ മാനസൻ അടുത്ത പരിപാടിയുമായി വരും. ഞങ്ങളുടെ പ്രവർത്തനം പോരാ എന്ന് ഇടയ്ക്കിടയ്ക്ക് അവൻ ഓർമ്മിപ്പിക്കും.

അപ്പോളാണ് കോളേജ് യൂണിയനു സമാന്തരമായി 'ഗീതാഞ്ജലി' പ്രവർത്തനം തുടങ്ങുന്നത്. അത് ഒരു വെല്ലുവിളിയായിരുന്നു. മാനസനാണ് അത് നേരിടാൻ ഒരു പരിപാടി വേണമെന്ന ആശയം മുന്നോട്ടു വച്ചത്, മനു പേരുമിട്ടു: "Calypso" -പാർശ്വവൽക്കരിക്കപ്പെട്ടവരുടെ സംഗീതം . അത് ഒരു ലഹരിയായി, വാശിയായി, ഉന്മാദമായി എല്ലാവരുടെയും സിരകളിൽ പടർന്നു.

അതിന്റെ കലാപരമായ വശം മാത്രം ആയിരുന്നു ഞാനൊക്കെ നോക്കിയിരുന്നത് . സാമ്പത്തിക വശം മുഴുവൻ മാനസനും ജിബിയും ജോസഫും ABC-യും മനുവും ശെൽവനും ഒക്കെ ആയിരുന്നു കൈകാര്യം ചെയ്തത്.

കാലിപ്‌സോയുടെ സായാഹ്നം ഞാനിന്നുമോർക്കുന്നു. അന്ന് കാലം നിശ്ചലമായി. നിമിഷങ്ങളും നാഴികകളും തീരരുതെന്നു തോന്നി. Calypso-യുടെ പരസ്യവാചകം ഇതായിരുന്നു:

"Sometimes a tune beats History books in capturing the spirit of an era and

Now it is Calypso 98

lifting your souls to higher octaves of ecstacy..."



ആ നിമിഷങ്ങളോട് ഒക്കെ പ്രധാനമായും കടപ്പെട്ടിരിക്കുന്നത് മാനസന്റെ ഇച്ഛാശക്തിയോടാണ്. അതിന്റെ ചുക്കാൻ അവന്റെ കൈകളിലായിരുന്നു...

നമ്മുടെ കോളേജിൽ എ-സോൺ ഫെസ്റ്റിവൽ നടത്തണമെന്നത് മാനസന്റെ കൂടി നിർബന്ധമായിരുന്നു.

പിന്നെ ഒരു കടമ്പ മാഗസിൻ ആയിരുന്നു. അന്നും ഇന്നും എന്റെ മാനേജ്മെന്റ് കഴിവിൽ എനിക്ക് വലിയ വിശ്വാസമില്ല. അത് മണത്തറിഞ്ഞു അവൻ പിന്തുണയ്ക്കാനെത്തി. എന്നോട് അത് പ്രസ്സിൽ തന്നെയിരുന്നു തീർക്കാൻ പറഞ്ഞു. വൈകുന്നേരങ്ങളിൽ അവൻ വരും രാത്രികളിൽ ഞങ്ങൾ ഹോസ്റ്റലിലേക്ക് തിരിച്ചു നടക്കും .

കോഴ്സ് കഴിഞ്ഞ് എന്റെ കല്യാണത്തിനാണ് പിന്നെ അവനെ കണ്ടത്. തലേന്ന് രാത്രി പുലർച്ചയോളം മാനസനും രവിയുമൊക്കെ വലിയ ചർച്ച ആയിരുന്നെന്നു ആരോ പറഞ്ഞു .

അവസാനം നേരിൽ കണ്ടത് ബബീഷിന്റെ കല്യാണത്തിനാണ്. ഞാൻ എറണാകുളത്തെത്തി. അവൻ പ്രതീക്ഷിച്ചു നിൽക്കുന്നുണ്ടായിരുന്നു. ഞങ്ങൾ ബീയർ കഴിച്ചു. ബില്ല് കൊടുക്കാൻ നേരം എന്റെ കൈ തട്ടി മാറ്റി. കൊച്ചിയിൽ വന്നിട്ട് നീ ബില്ല് കൊടുക്കാനോ? (കൊച്ചി പഴയ കൊച്ചി അല്ലായിരിക്കും, പക്ഷെ മാനസൻ പഴയ മാനസൻ തന്നെ...) പിന്നെ പാലക്കാട് വരെ ഒരുമിച്ചു യാത്ര. ബബീഷിനെ കണ്ടിട്ട് ഞാൻ കോഴിക്കോടിന് പോയി, അവൻ കൊച്ചിക്കും...

പിന്നെ 2016 ൽ വാട്സ്അപ്പ് ഗ്രൂപ്പ് രൂപീകരിച്ചതിനു ശേഷമുള്ള ചർച്ചകൾ, അഭിപ്രായവ്യത്യാസങ്ങൾ, അടി, ചീത്തവിളി, ഇറങ്ങിപ്പോക്ക്...

പിന്നെ, ഈ ലോക്ക്ഡൌൺ സമയത്തുള്ള ചർച്ചകൾ...

മാനസൻ അടിയുറച്ച കമ്മ്യൂണിസ്റ്റായിരുന്നു. അവൻ കമ്മ്യൂണിസത്തെ സ്നേഹിച്ച പോലെ ഒരു മൊയ്തീനും സ്നേഹിച്ചിട്ടുണ്ടാവില്ല. തീരെ പ്രതിഫലേച്ഛയില്ലാത്ത സമർപ്പണം, അതിന്റെ കേഡർ പൽച്ചക്രങ്ങളിൽ ഒരിക്കലും മുറിക്കാനാവാത്ത കണ്ണിയായി...

മാനസൻ പോയി...

വിജയൻ ഖസാക്കിൽ പറയുന്നത് പോലെ, "മന്ദാരം കൊണ്ട് തുന്നിയ ഈ പുനർജനി വിട്ടു നീ യാത്രയാവുകയായി..."

പുഴ കൽപ്പാത്തിപ്പാലത്തിനു താഴെ ഇനിയും പ്രവഹിക്കും. അഗ്രഹാരങ്ങൾക്കു മുകളിൽ പലവട്ടം സൂര്യനുദിക്കും. തെരുവുകളിൽ കുട്ടികൾ ഹിന്ദോളവും ആഭേരിയും സാധകം ചെയ്യും. കരിമ്പനകളിൽ കാറ്റ് പടർന്നു പിടിക്കും. വേനൽച്ചൂടിൽ വരളുന്ന പാടങ്ങൾ ഞാറ്റുവേലകൾക്കായി കാത്തിരിക്കും. പൊള്ളാച്ചി വഴി പഴനിയിലേക്കു പോകുന്ന രാത്രിവണ്ടി ഉച്ചത്തിൽ സൈറൺ മുഴക്കും. ധനുരാവിൽ വൈകി തിരുവാതിര കുളിക്കാൻ പോകുന്ന സ്ത്രീകളുടെ കലപില മുഴങ്ങും. ഒന്നിനും ഒരു മാറ്റവും ഉണ്ടാവില്ല. നീ മാത്രം ഇല്ല.

മാനസാ, പുനർജന്മത്തിലോ ആത്മാവിലോ ഒക്കെ മനസ്സിനെ വെറുതെ വിശ്വസിപ്പിക്കാതെ എങ്ങനെ നിന്നെ വീണ്ടും കാണുമെന്ന സ്വപ്നം ഞാൻ വച്ച് പുലർത്തും? അത് നിന്റെ വിശ്വാസങ്ങൾക്ക് എത്ര തന്നെ എതിരാണെങ്കിലും...

ദേഹമേ പോയിട്ടുള്ളു. ദേഹി ഇവിടെ തന്നെ ഉണ്ട് . അല്ലെങ്കിൽ അങ്ങനെ വിശ്വസിക്കാനാണ് എനിക്കിഷ്ട്ടം.

തർക്കങ്ങൾ മരണത്തോടെ തീരുമെന്നു നീ കരുതിയോ ?

ഇല്ല, അത് ജന്മാന്തരങ്ങളിലേക്കു നീളും.

This is just a commercial break.





# കൂടെയുണ്ടാവും ഞങ്ങൾ

***രൂപേഷ് സി , സിവിൽ 1999***

ഇന്ന് മാനസന്റെ വീട്ടിൽ പോയി. അവനെ കണ്ടു.

ചുണ്ടിനു കീഴിൽ കരുവാളിച്ച ചെറിയ പാടുള്ളതൊഴിച്ചാൽ മറ്റ് യാതൊരു വ്യത്യാസവുമില്ല.

ഇതൊക്കെയെന്ത് എന്ന സ്വതസിദ്ധമായ നിസ്സാരഭാവം....

ഭാര്യയെയും മകനെയും എങ്ങിനെ അഭിമുഖീകരിക്കുമെന്ന് അറിയാത്തതുകൊണ്ട് അവരുടെ അടുത്തു പോകാതെ മാറി നിന്നു.

2008-ൽ മാനസൻ കുടുംബസമേതം പാലക്കാട് വന്നപ്പോൾ കണ്ടതാണ്. ഞാനും മനുവും കൃഷ്ണനും മാനസനും. കുടുംബസമേതം മലമ്പുഴയിലേക്ക് പോയി. അവന്റെ മകൻ തീരെ കുഞ്ഞായിരുന്നു. ഏറെ വികൃതിയും. മാനസന്റെ ഭീഷണികൾ വകവെക്കാതെ അവൻ ലഹളയുണ്ടാക്കി കൊണ്ടേയിരുന്നു.പഴയ യൂണിറ്റ് സെക്രട്ടറിയാണെ

# മാനസമോഹനൻ സ്മരണ



*ഗിബിയും മാനസമോഹനും*

ന്ന് മാനസനു തോന്നുന്നുണ്ടെങ്കിലും മകന് അത് മനസ്സിലാകാൻ ആയിട്ടില്ലല്ലോ? പാവം സജിത ഏറെ ബുദ്ധിമുട്ടുന്നുണ്ടായിരുന്നു.

അതു കഴിഞ്ഞിട്ടിപ്പോൾ പത്തു കൊല്ലത്തിലേറെയായി. സജിത എന്നെ ഓർക്കുന്നുണ്ടോ എന്നറിയില്ല.

*******

സംസ്കാര ചടങ്ങുകൾ കഴിഞ്ഞപ്പോൾ സുഹൃത്തുക്കൾ ചിലർ സജിതയെ ആശ്വസിപ്പിക്കാൻ ശ്രമിക്കുന്നതു കണ്ടപ്പോഴാണ് അടുത്തു പോകാൻ എനിക്ക് ധൈര്യം വന്നത്.

"പാലക്കാട്ടുള്ള രൂപേഷേട്ടനല്ലേ... ഏട്ടൻ ഇടയ്ക്കിടയ്ക്ക് എല്ലാവരേയും ഫോട്ടോയിൽ കാണിച്ചു തരാറുണ്ട്..." സജിത പറഞ്ഞപ്പോൾ ഹൃദയം നുറുങ്ങിപ്പോയി....

എത്രയോ രാത്രികളിൽ അവൻ ഫോൺ വിളിച്ച് രാഷ്ട്രീയം പറഞ്ഞു തർക്കിച്ചിരിക്കുന്നു. തർക്കിക്കാനുള്ള മടി കൊണ്ടുമാത്രം ചിലപ്പോഴെങ്കിലും അവന്റെ വിളികൾ അവഗണിച്ചിട്ടുമുണ്ടെന്ന കുറ്റബോധം ഉള്ളിൽ നിന്നും ഉയരുന്നു...

പക്ഷേ, എല്ലാ അഭിപ്രായഭിന്നതകൾക്കുമപ്പുറം സഖാക്കളെ ചേർത്തു നിറുത്താനുള്ള മാനസന്റെ ശേഷി വലുതായിരുന്നു. പലപ്പോഴും അത് അനുഭവിച്ചിട്ടുള്ളതാണ്. ഏറ്റവും ഒടുവിൽ ആഗസ്റ്റ് 23-ന് രാത്രി ഭാര്യമാരെയും പിള്ളാരെയും ഒഴിവാക്കി ഒരു വീഡിയോ

മീറ്റിൽ കൂടിയിരിക്കാമെന്നു പറഞ്ഞ് വിളിച്ചതും മാനസൻ തന്നെ. അന്നും കാണാൻ പറ്റിയില്ല.

ഓർമ്മകളിലൂടെയും സംസാരങ്ങളിലൂടെയും മാനസൻ തന്റെ സുഹൃത്തുക്കളെ മുഴവൻ കുടുംബത്തിന്റെ ഭാഗമാക്കി മാറ്റിയിരുന്നു എന്ന് സജിതയുടെ വാക്കുകളിലൂടെ തിരിച്ചറിഞ്ഞു...

ഗിബിയുടെ ഫോൺ വിളികൾ പകർന്നു തന്ന ആത്മവിശ്വാസത്തെക്കുറിച്ചും മാനസന് ദർശനയോടുണ്ടായിരുന്ന അടുപ്പത്തെക്കുറിച്ചും സജിത ഏറെ പറഞ്ഞു. കാഴ്ചയ്ക്ക് ദുർബ ലയെങ്കിലും ഏറെ ധൈര്യമുണ്ട് തനിയ്ക്ക് എന്ന് അവർ തന്നെ പറയാതെ പറഞ്ഞു.

സഖാവ് മാനസന്റെ ഭാര്യയ്ക്ക് അങ്ങിനെയാവാതെ വയ്യ.

കൂടുതൽ കരുത്തോടെ അവർ ഭാവിയെ നേരിടുമെന്നും, അതിൽ ഏതെങ്കിലും തര ത്തിൽ കൈകോർക്കാൻ ഞാനൾപ്പടെയുള്ള മാനസന്റെ സുഹൃത്തുക്കൾക്ക് കഴിയു മെന്നുമുള്ള പ്രത്യാശയോടെയാണ് അവിടെ നിന്നും തിരിച്ചു പോന്നത്.



*ഈ ലക്കം മുതൽ മലയാളത്തിലെ പ്രഗത്ഭരായ യുവ എഴുത്തുകാരുടെ ഒരു സ്ഥിരം അതിഥിസാന്നിദ്ധ്യം ആരംഭിക്കുകയാണ്. മലയാളചെറുകഥയിലും നോവൽ ശാഖയിലും മായികമായ ഒരു ഭാഷയിലൂടെ നവഭാവുകത്വത്തിന്റെ ഒരു അട്ടിമറി തന്നെ നടത്തിയ ഇന്ദു മേനോനാണ് ഇത്തവണ നമ്മുടെ അതിഥി. ആ സാന്നിദ്ധ്യം ഒരു കവിതയിലൂടെയാണ് എന്ന കൗതുകവുമുണ്ട്.*



# കുതിരലായത്തിലെ കളിക്കുട്ടി

*ഇന്ദു മേനോൻ*



അവളെനിക്ക് കളിക്കുട്ടി
വിഷാദകാലത്ത് ആർത്തിത്തീറ്റിയാൽ
നെയ് മുറ്റിയ
മാംസളമായ പന്നിപ്പെണ്ണ്...

ഭാര്യ മൂന്നു പിള്ളേർ
അതിപണ്ടാര വിരഹജീവിതം
മഷിയുണങ്ങുന്ന പച്ചമഷി
കോടതിയിൽ കോട്ടുവാ വിരഹത്തിന്റെ
നിരാകാരത്വം
കൂർക്കം വലിക്കുന്ന സ്ത്രീകൾ
എനിക്ക് ഭയങ്കര വെറുപ്പിക്കലാണു
എന്റെ ഭാര്യ സ്വപ്നത്തിന്റെ പാരമ്യതയിൽ
തുണികീറും പോലെ ഒച്ചയിടുന്നു...
അവർ ചെറുപ്പകാലത്ത് കൂർക്കം വലിക്കാതെയുറങ്ങിയിരുന്നു.
കിനാവള്ളികൾ കിനാക്കളിൽ തലയിട്ട് ഞെട്ടുമ്പോൾ
അവളുടെ മുടിയിഴയിൽ നിന്നും
പ്രേമം    എന്നെ തഴുകിയിരുന്നു

അവളുറങ്ങുന്നു..

ഞാൻ പ്രേമിക്കുന്നു.

ചെരചെര ശവരതിക്കാരനായ അഘോരൻ

പോകെപ്പോകെ അവരെനിക്ക് സഹോദരിയായി

പരസ്പര ബഹുമാനത്തിന്റെ മാന്യജീവിതം.

ഹൗ

പിന്നെയവൾ വന്നു കളിക്കുട്ടി

അവൾക്ക് നെഞ്ചിൽ തുന്നലുണ്ടായിരുന്നു..

അദൃശ്യമായ ശസ്ത്രക്രിയയിലൂടെ

കുതിരലാടക്കാരൻ അവളുടെ നെഞ്ചിൽ കുടോത്രമിറക്കിയിരുന്നു.

എന്റെ ചുണ്ടുകളിൽ ചുണ്ടുരസവേ അവൾക്ക് കരച്ചിൽ വന്നു

"എന്റെ ഏമ്പക്കം കേൾക്കുന്നില്ലേ?

അതിന്റെ ഗന്ധം കുതിരലായങ്ങളെ ഓർമ്മിപ്പിക്കുന്നില്ലേ?"

ശരിയാണു പെൺകുതിരേ എന്റെ വാർദ്ധക്യകാലത്ത്

നീയൊരു യൗവ്വനകാരിയായ പെൺകാലം ഓർമ്മിപ്പിക്കുന്നു.

"എനിക്ക് കുശു വിടണം" എന്നവൾ പറയുമ്പോൾ

ഞങ്ങൾക്കിടയിൽ അതിർത്തികൾ ഇല്ലാതാകുന്നു.





ഒരു ലാബ്രഡോർ ആൺപട്ടി അതിന്റെ
യജമാനത്തിയെ തേടി
മൂവായിരം കിലോമീറ്ററുകൾ
സഞ്ചരിച്ചതിന്റെ രഹസ്യപ്പൊരുൾ
അതിനാണ് ജീവിതമെന്ന വിളിപ്പേര്
മകളെ ഞാൻ നിന്നെ
തേടിക്കൊണ്ടേയിരുന്നു.
നിന്റെ വിഷാദങ്ങളിൽ
മുടിയിഴതഴുകി ഞാൻ
പിതാക്കൊള്ളുന്നു
നിന്റെ രോഗകാലങ്ങളിൽ വൈദ്യുതക്കട്ടിലിൽ കിടക്കെ
ഉടൽ വിറക്കമ്പി ചുണ്ടുകളിൽ കോടൽ
ഉടലൊന്നാകെ താമരമൊട്ടുകുമ്പി
കണ്ണു ചാരി നീ പിടഞ്ഞെണീക്കുമ്പോൾ ഞാൻ വിയർത്തു പോകുന്നു.

നാമിരുപേരും മനോരോഗികൾക്കുള്ള വൈദ്യുതമുറിയിലല്ലെന്നും
നാം എന്റെ രഹസ്യമുറിയിലെന്നും
ഞാൻ സങ്കൽപ്പിക്കുന്നു
ഷോക്കടിയ്ക്കുമ്പോളും നീയെന്നെ പ്രേമിക്കുന്നു
നിന്റെ ചേഷ്ടകൾ കന്യാബാധയൊഴിയൽ
ഓഹ് പ്രപഞ്ചമേ ഈ ചെറുപ്പക്കാരനായ ഡോക്ടർ
ഉന്മാദിയാകാതെ നിൽക്കുന്നതെങ്ങനെ?
അയാൾക്ക് ഉടലുകൾ സ്പെസിമെനുകളാണ്
എനിക്ക് രോഗം പോലും പ്രേമാതുരതയാണ്

ഞാൻ കോടതി മുറിയിൽ വിധിന്യായം പറയുന്നു
പ്രായം തെറ്റാത്ത പെൺകുട്ടിയെ വിവാഹം ചെയ്തു

ആദിവാസി ആൺകുട്ടിയെ ഞാൻ ജയിലിലയക്കുന്നു..

പോക്സോ എന്ന പച്ചമഷി..

എന്നിട്ടു ഞാനവളുടെ ഉന്മാദപ്പേക്കൂത്തിൽ വിജൃംഭിക്കുന്നു.

ഞാനെത്ര കെട്ടവൻ

ന്യായദേവതയുടെ സഹോദരിയാണു അന്യായ ദേവത

യെന്നു സ്വയംന്യായീകരിക്കുന്നു.

നിന്റെ പിന്നിയിട്ട മുടി ഞാൻ അഴിച്ചുകളയുന്നു.

തലയിൽ ഘടിപ്പിച്ച യന്ത്രം മാറ്റുന്നു..

യൂനിഫോം ഉടുപ്പിന്റെ ബട്ടണുകൾ പൊട്ടിക്കുന്നു

ഈ സീജി വട്ടങ്ങൾ പറിച്ചെറിയുന്നു.

ചുണ്ടിലെ നരകൾക്ക് വീഞ്ഞുരുചിയെന്നു ഞാൻ തിരിച്ചറിയുന്നു.

അപസ്മാരമേറുമ്പോൾ പുളിച്ച ബിയറു രുചിയെന്നും

നിന്റെ ഏമ്പക്കങ്ങളിൽ കുതിരത്തൊഴുത്തുണ്ടെന്ന

നിന്റെ മൊഴി ഓർമ്മിക്കുന്നു

വൃദ്ധനായ കുതിരക്കാരൻ കുതിരച്ചാണകച്ചുംബനങ്ങൾ

എനിക്കോർമ്മ വരുന്നു നിന്റെ പ്രാണസങ്കടം

വേണ്ടത്ര തെളിവുകൾ ഇല്ലാഞ്ഞിട്ടും

ഞാനയാളെ വധശിക്ഷയ്ക്ക്

വിധിക്കുന്നു..



അവളുടെ നെഞ്ചിൽ കടലുണ്ട്

ഉടലിൽ സൂയസ്സ് കനാൽ പോലുള്ള

കടലിടുക്കുകളും

അവളുടെ തുടകൾ

മിഠായിത്തെരുവിലെ

പത്തുറാത്തൽ ഇളനീർ ഹല്വ

ആഹ്ലാദത്തിൽ അവൾ നന്ദി പറയുന്നു
പിന്നെ ചത്തൊടുങ്ങുന്നു.

ഒടുവിൽ വിധിന്യായത്തിൽ
മനോരോഗിയായ പെൺകുട്ടിയെ വൈദ്യുതക്കട്ടിലിൽ
ഷോക്കേറ്റിയവനെ ഞാൻ വിധിക്കുന്നു...
മാനസിക രോഗികളുടെ ഡോക്ടർ ചിരിക്കുന്നു..
"ഇയാളാണു. ഇയാളാണു അന്നു വന്നത് എന്നലറുന്നു"
അയാളെഴുതിയ കാരിപ്രാസിൻ* ഒന്നൂടി കുടിച്ച്
ഞാൻ വീണ്ടുമെഴുതുന്നു
ഡോക്ടർക്കു വധശിക്ഷ...
കുതിരകളുടെ ചിനപ്പ് വൃദ്ധൻ പൊട്ടിക്കരയുന്നു
വൈദ്യുതികളുടെ സംഗീതസ്പന്ദനം
ഉന്മാദികളുടെ ഡോക്ടർ പൊട്ടിച്ചിരിക്കുന്നു

ഞാൻ നിശബ്ദതയ്ക്കായി അലറുന്നു
ഓഡേർ ഓഡെർ
തികട്ടുന്നു..
വൈദ്യുതിയിൽ തിളച്ച അവളുടെ ഉമിനീരിന്റെ പ്രാണരുചി

** കാരിപ്രാസിൻ: സ്കിസ്സോഫ്രീനിയയ്ക്ക് കഴിക്കുന്ന മരുന്ന്*





# കാറ്റിന് എത്ര സാദ്ധ്യതകൾ



*ജയശീലൻ എം.എ*
*1988 ME*

അലയാഴിയിലെ ഒരു കൊടുങ്കാറ്റിന്
കടന്ന് പോവാൻ
കൊച്ചിയിൽ എത്ര വീഥികൾ...

ഒന്നു വീശി കുശലം പറയാൻ
ഒരുപാട് തണൽ മരങ്ങൾ....
കുറേയധികം പൂമരങ്ങൾ,

ഏതു ദുരന്തത്തിലും
കായ്ക്കാതിരിക്കാനാവാത്ത
മാവുകൾ, പ്ലാവുകൾ, ഞാവൽമരങ്ങൾ....
കുഞ്ഞിളമില കരങ്ങളാൽ പുണരുന്ന
അരയാലുകൾ...

കടലിലെ ജീവിതം തകർത്തവന്
ഒന്നു തണുക്കാൻ,
ഉള്ളിലെ ചുഴികളും തിളച്ചുമറിയലുകളും
പുറത്തു കാണിക്കാത്ത കായൽ...

ക്രിസ്മസ് ഇതാ
ഇളം കാലടികൾ വച്ചു നടന്നു തുടങ്ങി..
ആകാശത്തിനപ്പുറം
പുതുവത്സര സൗമ്യകിരണങ്ങളും...
എങ്കിലും...
അങ്ങ് അകലെ, ആഴക്കടലിലെ,
അനാഥനാം ചൂടൻ കാറ്റിന്
കൊച്ചിയിൽ എത്ര സാധ്യതകൾ....



# MY QUARANTINE DAYS

***Daya Fathima, D/O Shajith A T, 1995 CE***

Time felt meaningless,
As I stayed home in solitariness,
Who knew there would come times,
Where a global pandemic arises.

Waking up drearily,
With my happiness ebbing away quickly,
Waiting to go out; no longer patient,
A minute feeling like an hour,
All I have is my gadget,
Keeping me away from bore.

My biological clock dismantled,
Keeping ourselves entangled,
Makes the time fly.

Some either eating a lot,
Or working out a lot,
A few drawing,
A few baking.

Several pros and cons,
Better environment low emissions,
Family bonding,
Discovering and realizing.

Hang in there with might,
It's going to be alright,
So, hold tight.



# പെയ്യാതെ പോയ മഴ

*നിർമ്മൽകുമാർ കൈപ്പാറ 2017 EE*

എങ്ങു പോവതിതെങ്ങു കുതിപ്പി-

തെങ്ങോ പറക്കുകയാണെൻ മനം

കണ്ടതും തെല്ല ദൂരെ മന്ദഹാസപ്പൂ

ചെണ്ടുമായ് നിൽക്കുന്ന പോയ കാലം.

ഇല്ല മാറ്റങ്ങൾ ലേശമേ പ്രണയ

സല്ലാപലോലമാം നാളുകൾ, കാലത്തിൻ

ഒപ്പം കുതിച്ചു കിതച്ചു വിതച്ചതി

നൊപ്പം മരിച്ചതല്ലാതെ വേറെ.

എവിടെ നിൻ പാതി എന്നിൽ നിന്നും
നിന്നെ

കവിത പോലടർത്തി എടുത്തവൻ

കാറ്റു പോലെ കൊണ്ടു പോയവൻ,
ഏതിലെ

പറ്റു പുസ്തകം വെട്ടാതെ പോയവൻ!

മാനസം തന്നിലെ ചോരും ചഷകത്തിൽ

പാനത്തിനായ് വ്യഥ നിറച്ചവൻ!

ഉടഞ്ഞ കിനാക്കളേ ഹേ!, പോവുകിൻ

മെടയാതിരിക്കുക ദുഷ്ചിന്തകൾ.!

വരിക സഖീ നമുക്കൊന്നിച്ചിരിക്കാം,

തിരികെ ഇത്തിരി നേരം നടക്കാം.

വരിക, ഒരു ചായ മുത്തി കുടിയ്ക്കാം,

ദൂരെ വീണൊരാ കാലം നുണയാം.

ഒരു ദശാബ്ത്തത്തിനും അപ്പുറം പോയൊ

-രാ രുക്മ നാളുകൾ ഓർത്തൊന്നെടുക്കാം.

പോയ കാലമാണെൻ പ്രിയേ, പതിരു

പാകിയ പ്രാണന്റെ ഓർമ നേർ ചിത്രം

ചാരെ നീ വരുമെന്ന തോന്നലിൽ ഞാൻ



ദൂരെയേകനായ് ഏറെ നിന്നീലെയോ

ഒരു നേർത്ത കുളിരായി പെയ്യാതെയും

തരി നോവു തന്നിട്ടുമങ്ങനെ പോയി നീ

ഇമകളടയാതെ കാപ്പൂ ഞാനിന്നും

മമ ദേഹം കുളിർക്കെ നീ പെയ്തുവെങ്കിൽ!

പുഴയായി ഞാൻ, പൂവിതളായി നീയും

പഴയ നാൾ വീണ്ടും ജനിച്ചുവെങ്കിൽ!

ഓർക്കുകിൽ അന്തമില്ലാതെ പോകയെന്നു
-യിർ വേണ്ടെന്നു ശഠിക്കുന്നെടോ, പറ

മൗനമായ് ഇരിക്കുകിൽ എന്തർത്ഥം
സഖീ,

മാനം കറുത്ത പോൽ, ഒരു കൊള്ളിയാൻ

മിന്നുവാൻ വൈകും
പോലെന്തിനീയിരുത്തം

തന്നീടുകൊരു ചെറു ഗദ്ഗദമെങ്കിലും.

ഇല്ലിനിയും വൈകയില്ലിതാ പോകുന്നു

പീലി വിടർത്തിയാടുന്ന ഞാൻ, വിട.!





# A Tribute to Diego Maradona

***TP Rajeev , 1990 Mech***



A tribute to Diego Maradona is like adding sand to the seashore. Thousands across the continents from the world's most influential political leaders, Nobel Prize winning authors of Latin America, the spiritual gurus of India, star footballers of every generation, the FIFA bosses of then and now to the slum dwellers of Bangladesh and the butchers of Africa, all have poured in their tributes.

Every tribute speaks about the aura of this magician, about how he influenced one and all, though most of them had never met him.

It has been 34 years since Argentina won their last World Cup. Many nations have cradled the Cup in their hands since then, but you can still see teenagers, born much after Maradona stopped playing, holding placards, wearing the No.10 jersey and shouting for Argentina at every street in Malappuram, Cairo and Addis Ababa. It is because of what this man did for his country in 1986.



He, not only took Argentina to the top of the footballing world and placed it alongside Brazil, but also brought hope to millions of underachievers across Asia, Africa and other third world nations, that one day a Maradona will be born in their country too and will bring world cup glory to them.

International football lovers adore him for what he accomplished for his country, having won every trophy from the Youth World cup, Copa America and the World Cup. However, those who follow club football closely, will agree that his achievements for his club were even bigger. He joined one of the weakest clubs in the city of Naples- Napoli, which was often termed as the dump yard of Italy. Napoli had never won a Serie A and were nearing relegation when Maradona joined them in 1984. He carried out his promise of presenting them a championship victory by beating





the rich North Italian clubs, the likes of AC Milan, Juventus, Inter and Roma. Maradona did not stop at that. He gave them more than what he had promised, winning the Serie A in 1986 and again in 89. He, then went on to winning the biggest cup in Europe, the UEFA Champions Trophy in 89, apart from the Italian Super Cup and Copa Italia. He became the most loved son of the people of Naples. They rewarded him by withdrawing the No.10 jersey forever, and now have named the Naples stadium after him.

The biggest match that he probably ever played was the Argentina – England quarter finals of the Mexico '86 World Cup which saw two contrasting goals that became part of history. The first one termed as the 'hand of God' was followed by the goal of the century. A miraculous one, which the English great Peter Reid who chased Maradona all the way from behind the center line till he went past Peter Shilton, can only recall with awe even today. That match, for the Argentinians, was more than football. Played after the war between the two countries for the Falkland Islands, which the English won with the support of America, this victory in the World cup against England, which took them all the way, was a revenge. Maradona became a bad boy ever since in the eyes of England and America. He refused to play club football in England when every world class footballer dreamt to be part of the English league. The media in England and America always haunted and chased him both on the playground and outside. He retaliated by tattooing the image of Che Guevara on his upper arm and Fidel Castro on his leg.



Things changed after the 1990 World Cup. The already deteriorating relationship with the Napoli management worsened. Nationalism also played its part. Host nation Italy were fancied to win the '90 World Cup, with a formidable lineup that included Maldini, Baresi, Schillachi, Donadoni, Baggio and the likes. However, Maradona had other ideas. He single-handedly, with support from Caniggia, beat them in that hard-fought 120-minute gruelling semifinal, which obviously didn't go down well in Italy and Naples.

Maradona thrived when the resources were minimum. He proved it time and again for Argentina, Boca Juniors and Napoli. Pele, winning the World Cups for Brazil was like Messy winning all those championships for Barcelona in the last decade, with half a dozen star players to support him. Platini once famously said about Zidane who was voted the best footballer of the two decades post Maradona era 'What Zidane could do with a football, Maradona could do with an orange'.

There are a few who hated Maradona, but when one looked at those grievances closely, they all appear personal and beyond football. Pele disliked him for displacing him from his unchallenged position at the top. Diego Simione called him a cheater when he failed the drug test in '94. Simionie knew that Argentina couldn't win the World Cup without him, even when he was going downhill in his career at that point of time. The Establishment bosses hated him for he spoke the truth and opposed them. He took to drugs in the 90's to find solace and an escape from his personal issues. Unlike Lance Armstrong, Ben Johnson or Marion Jones, who took it to enhance their sporting capabili-

ties, Maradona had achieved all the sporting laurels much before that.

Diego Maradona spent a major part of the last decade in Dubai as an ambassador of sports, he coached a few local clubs too. I wish I could have bumped into him at some event, Dubai being a small city, but that was not to be.

Dear Diego, for someone like me, who played football at the school and university level and for the local clubs where dry paddy fields and the hard red pitches of Kerala were our stadia, at a time when you were winning every match and every tournament at the highest level, your passing away has suddenly taken away my youth from me.
But, having said that, the timing of your departure is irrelevant, as you had become the hero of every footballing folklore much before you went. Long after all of us, who are alive now are done and dusted, you will be relished as long as the last football is rolled in the smallest of fields in the remotest corner of the world.

Good bye Diego… and thank you for living and passing by like a dream and inspiring millions around the world to dream.





# Bird Born in a Cage

***Neha Rakesh Pillai, D/O Rakesh Pillai***

**B**orn in a cage, Trying to Spread my wings;
But where to fly, how will I fly;
For the door is locked, the cage is Small.
Yes, Captivity is worse than death.

The sunrise, Yes I could see it,
But I couldn't feel it,
Humans look at me, think I'm happy;
They don't understand how I feel.
The food kept in here,
Tastes bland.
But the winds, hills, and trees
Seems to call me.

Oh, How I wish I could fly around,
How I wish I could be free,
Instead of crying here in vain and pain.
Born in a Cage, I don't know how it feels to be free!

**Captivity is worse than death.**

*12th Biju Cherian Endowment talk was conducted on 11th September 2020, on the eve of the 13th Annual General Body meeting of Darsana. The talk was delivered by Mr Prabir Purakayastha on "Open knowledge and collective experience for Social action". Prabir is an engineer and a science activist. He headed the Working Group on the Energy Sector under the aegis of the Kerala Planning Board twice. He is the Chairperson of the Just Net Coalition, the President of the Free Software Movement of India, and the founder Editor of Newclick.in, a news website.*



# Open knowledge and Collective Experience for Social Action

***Prabir Purkayastha***

This topic interests me both as an engineer and a social activist. Capitalism is in a crisis that it is not yet reached a level where it can expand freely. Though a certain section of the people is able to develop with market capitalization, the net productive assets of the society are not getting developed at the same rate and the distribution is not taking place the way we would expect to happen when societies get wealthier. There is a concentration of wealth and the prosperity of society is not commensurate with the prosperity of some sec-







tions of the people. On top of this, came the crisis due to covid-19 epidemic. Let it be clear that we are not going to return to the same state of what existed before covid-19 epidemic. The informal sector has lost employment heavily. Probably four out of five people turned unemployed in the informal sector. And the small business is also facing enormous difficulties. A large number of them have closed down or are in the process of closing down. It is certain that after covid-19, everything will not become normal again as people who have lost their capital would find it difficult to start building enterprise and people who lost their employment have lost them permanently.

It is probably true that vaccines will be available within some months. When the next year starts, the impact of covid-19 may also reduce. But it doesn't mean that the pre-covid days are going to return. In this context, I'm very happy that you are trying to set up a new kind of paradigm of how to build small cooperative businesses startups. Good that you explore the role of your organization which can contribute in this as a large technical-financial-managerial community. You are also looking into how knowledge can be put to productive use by not only you, but by other sections of people in the society. This will help to sustain small enterprises, either in terms of co-operatives or other small businesses because what they lack apart from money and the financial resources is knowledge and management expertise which are required for an enterprise to succeed. Also I think it is extremely a challenging exercise to bring that in and to help smaller enterprises to come much closer to the grass roots. And the fact that you are trying to do it at this time, makes it

much more difficult and but I hope that this current unusual pandemic scenario will not affect you. As you act by the time the epidemic starts lifting, you'll be in a position to actively help those sectors which have taken the biggest hit in terms of the covid-19 epidemic. An important question is on how we see the framing of these issues. Also what will be the pioneering role the organization plays? I don't think there are many examples that I could look upon. Okay, here's a blueprint you can copy. Anyway, you're trying something quite unique.

So what can you draw from others' experiences? Let us start exploring. What does an enterprise really represent? Whatever is the enterprise, a capitalist enterprise, socialist enterprise or public sector, any enterprise has to have three things. It should have a certain amount of resources, physical capital money as Marx defined it - money needs to have a certain minimum amount before it can be called as capital. An amount of hundred rupees is not capital. So you have to have a certain quantity of money before you start. It can be from banks, in the form of loans. It can be the money that you can collect among yourself. But that is one necessity. The second necessity is that you must have people who will work. There must be labor which will produce goods. You must have some amount of machinery and also you have to buy raw materials to produce finished goods. And this is what a classical or traditional economist tells you.

A certain thing that is missing in this picture, which I think a very important element, and in the absence of which all these would not work, is knowledge. In fact, knowledge is something which is often neglected in this scheme of things. An economist basically looks only at capital and labor. They are the factors of production. And the presence of knowledge is taken for granted. Somehow it always exists. If you take democratic societies which existed from medieval times to this date, you will see that the key element of the transition that takes place is the transition of true knowledge. Once you learn things, you learn how to do new things and to use new materials and to look at what uses they can be put to. This is one part which is left out. Knowledge doesn't belong to an individual but to the society. Newton said if he had seen further it was by standing on the shoulders of giants. So essentially it's accu-

mulated wisdom of other people on which we base our new incremental knowledge, but this is the knowledge that allows us today to build Industries, to build new things and also to do new innovations. You do innovations in ways of thinking as you put different sets of knowledge together which could be breakthroughs in science, discovery of new laws or new materials. But we should be clear about the function of the artifact to be produced; otherwise, all this knowledge is not going to help you produce an artifact. And technology is active imagination in order to produce an artifact which has social use. Yes, it must have social reasons for having some economic value. It must also fulfill a certain function which it has to incorporate.

